# വിപശ്യനാ പത്രിക

*സയാജീ ഊ ബാ ഖിൻന്റെ പരമ്പരയ്ക്കനുസരിച്ച് എസ. എൻ. ഗോയങ്ക പഠിപ്പിച്ച ധ്യാന വിധി*

**Vol. 7, No. 9 : സപ്തംബർ 2014** — **വിപസ്സന റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്**
**മലയാളം മാസ പത്രിക** — **ധമ്മഗിരി, ഇഗത്പുരി – 422 403, മഹാരാഷ്ട്ര**


### *ധർമ്മ വാണി*

*ന ജച്ചാ വസലോ ഹോതി,*
*ന ജച്ചാ ഹോതി ബ്രാഹ്മണോ.*
*കമ്മുനാ വസലോ ഹോതി,*
*കമ്മുനാ ഹോതി ബ്രാഹ്മണോ.*

ജന്മം കൊണ്ട് ആരും ചണ്ഡാലനൊ,
ബ്രാഹ്മണനൊ ആകുന്നില്ല.
കർമ്മം കൊണ്ടു മാത്രമാണ്
ചണ്ഡാലനാകുന്നതും ബ്രാഹ്മണനാകുന്നതും.

— **ഖുദ്ദക നികായ, സുത്തനിപാതപാളി,** (വീ.ആർ.ഐ. 2.105)

# ആന്തരികശാന്തിയുടെ ദൂതൻ : സത്യനാരായൺ ഗോയങ്ക

(വിപശ്യനാ newsletter, International edition, vol. 40, No. 3, Oct.2013 continued from previous issue)

### ഇൻഡ്യയിലേക്ക്

1969 ൽ ഗോയങ്കാജി യംഗൂണിൽ നിന്നും ഇൻഡ്യയിലെ കൊൽകത്തയിലേക്ക് വിമാനം കയറി. പിരിയുന്നതിനു മുമ്പായി ഗുരു അദ്ദേഹത്തോടു പറഞ്ഞു:

''നീ തനിച്ചല്ല പോകുന്നത്, ഞാനും ധർമ്മവും കൂടെയുണ്ട്!''

ഉ ബാ ക്കിന് മ്യാൻമർ വിടാൻ സാദ്ധ്യമല്ലായിരുന്നു. അതിനാൽ അദ്ദേഹം തന്റെ പ്രതിനിധിയായി, ധർമ്മധൂതനായി ശിഷ്യനെ അയയ്ക്കുകയായിരുന്നു.

അതൊരു ചരിത്രമുഹൂർത്തമാണെന്നു ഗോയങ്കാജിക്ക് അറിയാമായിരുന്നു. എങ്കിലും ഇൻഡ്യയിലെ വാസം താത്കാലികമാണെന്നും താമസിയാതെതന്നെ തിരിച്ച് തന്റെ ഗുരുവിന്റെ അടുത്തെത്തുമെന്നുമായിരുന്നു അദ്ദേഹത്തിന്റെ തോന്നൽ. പക്ഷെ, അദ്ദേഹത്തിനു വീണ്ടും മ്യാൻമർ കാണുന്നതിന് രണ്ടു പതിറ്റാണ്ടുകാലം വേണ്ടിവന്നു. ഇൻഡ്യയിൽ ആരും അദ്ദേഹത്തെ അറിയുമായിരുന്നില്ല. ബുദ്ധന്റെ ഉപദേശങ്ങളും ഇവിടെ വിസ്മൃതമായിരുന്നു. വിപസ്സന എന്ന വാക്കു പോലും മറന്നിരുന്നു. എങ്കിലും കുടുംബാംഗങ്ങളുടെ സഹായത്തോടെ അദ്ദേഹം ആദ്യത്തെ ദശദിന വിപസ്സനാശിബിരം മുംബെയിൽ നടത്തി. അദ്ദേഹത്തിന്റെ മാതാപിതാക്കളും ഫ്രാൻസിൽ നിന്നുള്ള ഒരു മഹതിയും ഉൾപ്പെടെ വളരെക്കുറച്ചു പേർ മാത്രമെ അതിൽ പങ്കെടുത്തുള്ളു. അവസാനദിവസം ആ ഫ്രഞ്ചുമഹതി അദ്ദേഹത്തെ ഫ്രാൻസിലേക്കു ക്ഷണിച്ചു. 'പത്തുവർഷം കഴിഞ്ഞു ചോദിക്കുക' എന്നദ്ദേഹം മറുപടിയും കൊടുത്തു.

ആദ്യത്തെ കോഴ്സ് കഴിഞ്ഞപ്പോൾ അടുത്തത്, വീണ്ടും അടുത്തത്. അതങ്ങനെ നീണ്ടുപോയി. ഉത്ഭവിച്ച നാട്ടിൽ തന്നെ ധർമ്മചക്രം കറങ്ങിത്തുടങ്ങി. മ്യാൻമറിലേക്കുള്ള മടക്കയാത്ര മാറ്റിവെയ്ക്കേണ്ടി വന്നു. വിപസ്സന കൂടുവാൻ കൂടുതൽ ആളുകൾ ഉത്സുകരായി. ധർമ്മദുതന് അവരെ തള്ളാനാവില്ല. തലങ്ങുംവിലങ്ങുമായി രാജ്യത്തിലുടനീളം അദ്ദേഹം സഞ്ചരിച്ചു. പലപ്പോഴും തിരക്കേറിയ ട്രെയിനിലെ മൂന്നാംക്ലാസ്സിലാണു യാത്ര. സഹായിക്കാൻ പൂർവ്വവിദ്യാർത്ഥികളില്ല. കോഴ്സ് നടക്കുന്ന സ്ഥലത്ത് മുറികളും മറ്റു സൗകര്യങ്ങളും അദ്ദേഹം തന്നെ നിശ്ചയിക്കണം. ആഹാരസമയത്ത് സാധകരുടെകൂടെ ഇരിക്കയോ അവർക്കു വിളമ്പിക്കൊടുക്കുകയോ ചെയ്യണം. പലയിടത്തും പ്രധാന ധ്യാനഹാൾ തമ്പുകളിലാണ്. ഒരിക്കൽ, രാജ്ഗീർ എന്ന സ്ഥലത്ത് രാത്രിയിൽ വീശിയ കൊടുങ്കാറ്റ് കൂടാരത്തെ എടുത്തെറിഞ്ഞു. എന്നിട്ടും പിറ്റേ ദിവസം പതിവുപോലെ ഗോയങ്കാജി തന്റെ സീറ്റിലിരുന്ന് പ്രഭാതവന്ദനം ആലപിച്ചുകൊണ്ടിരുന്നു. സാധകർക്ക് അതു പ്രോത്സാഹനമായി.

അന്ന്, സാഹചര്യങ്ങൾ അനുകൂലമായിരുന്നില്ല. പണവും പിന്തുണയും തീരെ കുറവ്. ഭാര്യ ഇളൈച്ചി (മാതാജി എന്നു സാധകർ വിളിക്കുന്നു) മ്യാൻമറിൽ കഴിയുന്നു. എങ്കിലും അദ്ദേഹത്തിൽ നിന്നും പ്രസന്നത പ്രസരിച്ചു. തന്റെ ജന്മോദ്ദേശ്യം സഫലമാകുന്നതിലെ സന്തുഷ്ടി.

ആദ്യവർഷങ്ങളിൽ അദ്ദേഹം ഹിന്ദിയിൽ മാത്രമെ പഠിപ്പിച്ചുള്ളു. അദ്ദേഹത്തിന് ഇംഗ്ലീഷ് അറിയാമായിരുന്നെങ്കിലും ബിസിനസ്സ് ആവശ്യങ്ങൾക്കുമാത്രമേ അതുപകരിച്ചുള്ളു. വിപസ്സനാ ധ്യാനം പരിശീലിപ്പിക്കുന്നതിന് അതു പര്യാപ്തമല്ലായിരുന്നു. അദ്ദേഹത്തിന്റെ കീർത്തി വ്യാപിച്ചപ്പോൾ ഇൻഡ്യക്കു പുറത്തു നിന്നും ധാരാളം പേർ പരിശീലനത്തിനെത്തി.

60 കളിലും 70 കളിലും ധാരാളം പാശ്ചാത്യരും അദ്ദേഹത്തെ സമീപിച്ചു. ഭാഷയുടെ പ്രശ്നം മൂലം ഗോയങ്കാജി അവരെ പങ്കെടുപ്പിക്കുന്നതിൽ വിമുഖത കാണിച്ചു. പിന്മാറാതെനിന്ന അവരിൽ ചിലർ ഉ ബാ ക്കിനിന് കത്തെഴുതി. താമസിയാതെ ഇംഗ്ലീഷിലും കോഴ്സുകൾ തുടങ്ങാനുള്ള ഗുരുജിയുടെ നിർദ്ദേശം യാംഗൂണിൽ നിന്നും വന്നു. എന്നും ഗുരുവിന്റെ കല്പനയെ ശിരസാ വഹിച്ചിരുന്ന അദ്ദേഹം അതിനു സമ്മതിച്ചു.

ആദ്യത്തെ ഇംഗ്ലീഷ് കോഴ്സ് 1970 ഒക്ടോബറിൽ ഹിമാചൽ പ്രദേശിലെ ഡൽഹൗസി എന്ന പർവ്വതപട്ടണത്തിൽ വച്ചായിരുന്നു. അതിനുശേഷം ബുദ്ധനു ബോധോദയം കിട്ടിയ ബോധ്ഗയായിലും. തുടർന്നങ്ങോട്ട് ഡൽഹൗസിയിലേക്കും ബോധ്ഗയായിലേക്കും പാശ്ചാത്യയുവാക്കളുടെ പ്രവാഹമായിരുന്നു. അക്കൂട്ടത്തിൽ അർദ്ധനഗ്നരും ഹിന്ദുസന്യാസികളെപ്പോലെ തലമുടി നീട്ടി ജടകെട്ടിയവരും കടൽത്തീരത്തു കുളിക്കാനിറങ്ങുന്ന വേഷത്തിൽ വന്നവരും എല്ലാം ഉണ്ടായിരുന്നു. ആണുങ്ങളധികവും താടി നീട്ടിവളർത്തിയവരായിരുന്നു. പെണ്ണുങ്ങളാകട്ടെ നലമുടി പിന്നിയിടാതെ പുറകിലേക്ക് വെറുതെ ഇട്ടവർ. കുടഞ്ഞിട്ടതുപോലെ കിടക്കുന്ന അവരുടെ ആ ചെടയൻമുടിയൊന്നും ഗോയങ്കാജി കാര്യമാക്കിയില്ല. തന്റെ അടുത്തേക്കു വന്ന എല്ലാവർക്കും അദ്ദേഹം ധർമ്മത്തിന്റെ അമൂല്യനിധി പങ്കുവച്ചു. അവരിൽ ചിലരെ ദശദിന ക്യാമ്പുകഴിഞ്ഞ് പിന്നീടു കണ്ടിട്ടേയില്ല. ചിലരാകട്ടെ എല്ലായിടത്തും അദ്ദേഹത്തെ അനുഗമിച്ചു. അവരിൽ പലരും പല പാരമ്പര്യങ്ങളിലും വിശ്രുതരായി. ചിലരാകട്ടെ, ഗോയങ്കാജി നിയമിച്ച മുതിർന്ന ധ്യാനാദ്ധ്യാപകരായി.

താമസിയാതെ പാശ്ചാത്യർ കയറിയിറങ്ങുന്ന കോഫിഷോപ്പുകളിലും റെസ്റ്റോറന്റുകളിലും വിപസ്സനാധ്യാനശിബിരങ്ങളുടെ നോട്ടീസുകൾ പ്രത്യക്ഷപ്പെട്ടു. ചിലപ്പോഴൊക്കെ അദ്ധ്യാപകനെ 'പാടുന്ന ഗുരു' എന്നു വിശേഷിപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ സ്വരം ശ്രേഷ്ഠവും ശ്രുതിമധുരമുള്ളതുമായിരുന്നു. ബുദ്ധവചനങ്ങളുടെ പ്രാചീനഗീതങ്ങളും ഹിന്ദിയിലും രാജസ്താനിയിലും സ്വയം നിർമ്മിച്ച പദ്യങ്ങളും അദ്ദേഹം മനോഹരമായി പാടിയിരുന്നു. തണുത്തു വിറയ്ക്കുന്ന പ്രഭാതത്തിലും സായംസന്ധ്യയിലും നിറഞ്ഞുനിൽക്കുന്ന ധ്യാനഹാളിലെ നിശബ്ദതയുടെ അന്തരീക്ഷത്തിൽ ധ്യാനികളെ ഉയർത്തുന്ന, നയിക്കുന്ന, ആശ്വസിപ്പിക്കുന്ന അദ്ദേഹത്തിന്റെ സ്വരം കമ്പനം ചെയ്തിരുന്നു.

ധ്യാനം തുടങ്ങുമ്പോൾ അദ്ദേഹം അകത്തു വന്ന് സ്വന്തം ഇരിപ്പിടത്തിൽ ഇരിക്കുന്നു. സാധകർ വന്ന് അവരവരുടെ സ്ഥാനങ്ങൾ പിടിച്ച് കുഷ്യൻ ഒരുക്കിയിരുന്ന് നിശബ്ദതയിലാഴുന്നു. തുടർന്നദ്ദേഹം ചില കാര്യങ്ങൾ പറയുമ്പോഴേക്കും ആ വാടകയ്ക്കെടുത്തതോ തമ്പടിച്ചതോ ആയ ധ്യാനഹാൾ ആന്തരിക സത്യത്തെ അന്വേഷിക്കുന്ന, കാലത്തിനതീതമായ ഒരിടമായി മാറുന്നു. മണിക്കൂറുകളോളം അദ്ദേഹം അവരുടെ കൂടെയുണ്ട്. പ്രഭാത ആലാപങ്ങൾ, നിർദ്ദേശങ്ങൾ, വൈകിട്ടത്തെ പ്രഭാഷണം അങ്ങനെ എപ്പോഴും അദ്ദേഹം അവരുടെകൂടെ സജീവമായിട്ടിരിക്കുന്നു. അദ്ദേഹത്തിൽ നിന്നും ധർമ്മപ്രവാഹം നടന്നുകൊണ്ടിരിക്കുന്നു.

വൈകിട്ട് ഒമ്പതുമണിയോടെ അന്നത്തെ ചര്യ അവസാനിക്കുന്നു. ധ്യാനം അതിരാവിലെ മുതൽ തുടങ്ങിയതാകകൊണ്ട് സാധകർ ക്ഷീണിതരായിരിക്കും. എന്നാലും അവർ ധ്യാനഹാളിൽ തന്നെ തുടരും. തുടർന്നുള്ള ചോദ്യോത്തരവേള പാഴാക്കുവാൻ അവർക്കാവില്ല. അവർക്കു പലതരം ചോദ്യങ്ങളുണ്ടാകും. ചില ചോദ്യകർത്താക്കൾ തർക്കത്തിനു പോലും മുതിരും. ചിലർക്കു സംശയം. ചിലർക്കു ക്ഷോഭം. തന്റെ വിശ്വാസത്തിൽ തെറ്റുണ്ടോ എന്നു ചിലർക്കറിയണം. ചിലർക്ക് ഇതു ശരിയല്ലെന്നു സ്ഥാപിക്കണം. എല്ലാം പുഞ്ചിരിയോടെ, മയത്തോടെ, ചിലപ്പോൾ ചിരിച്ചുകൊണ്ട് അവരെ പറഞ്ഞുമനസ്സിലാക്കും. എല്ലാവർക്കും എല്ലാത്തിനും വേണ്ടുന്ന ഉത്തരം കിട്ടിയിരിക്കും. എല്ലാവരും തൃപ്തരാകും.

ധ്യാനശിബിരത്തിന്റെ അന്ത്യത്തിൽ അദ്ദേഹം ഒരു സമാപനപ്രഭാഷണം നടത്തും. ഏതാനും മിനിറ്റുകൾ വിദ്യാർത്ഥികളുടെ കൂടെ ധ്യാനിക്കും. അതിനുശേഷം അദ്ദേഹം ഹാളിൽ നിന്നു സാവധാനം 'സബ്കാ മംഗളം' (എല്ലാവർക്കും മംഗളം ഭവിക്കട്ടെ) എന്നു ഹിന്ദിയിൽ ഉരുവിട്ടുപാടിക്കൊണ്ട് പുറത്തേക്കു പോകും. ആ ആലാപനം നേർത്തുനേർത്ത് അകന്നുപോകും.

സാധകർ വീണ്ടും പഴയപടിയിൽ പഴയ സാഹചര്യത്തിൽ പഴയവീട്ടിൽ തിരിച്ചെത്തും. അവിടെ പട്ടികൾ കുരയ്ക്കുകയും വഴിവാണിഭക്കാർ വിലപേശുകയും ചെയ്യുന്നതു കേൾക്കും. ഇഷ്ടപ്പെട്ടവരെ കാണാനും എഴുത്തുകൾ വായിക്കാനും ട്രെയിൻ പിടിക്കാനും പദ്ധതികൾ തയ്യാറാക്കാനും മറ്റും തിരക്കിലാവുകയും ചെയ്യും. പക്ഷേ, അവരിൽ പലർക്കും മാറ്റങ്ങൾ വന്നിരിക്കും. ആ പഴയ ജീവിതമായിരിക്കില്ല ഇനിയൊരിക്കലും.

### തിരിച്ചു നൽകേണ്ടത് ഇതുമാത്രം

ഗോയങ്കാജി അദ്ദേഹത്തിന്റെ ഗുരുവായ ഉ ബാ ക്കിനെ സ്ഥിരമായി വിവരങ്ങൾ അറിയിച്ചിരുന്നു. ആ കത്തുകൾ അദ്ദേഹത്തെ സന്തോഷവാനാക്കി. ഒരിക്കൽ ഒരു കോഴ്സിന് 37 പേർ എത്തിയെന്നറിഞ്ഞപ്പോൾ ഉ ബാ ക്കിൻ സന്തോഷത്തോടെ പറഞ്ഞു: '37 പേർ ബോധിയുടെ 37 അംഗങ്ങളാണ്'. പിന്നീടൊരിക്കൽ 100 വിദ്യാർത്ഥികൾക്കായി ഒരു ശിബിരം നടത്തിയെന്നറിഞ്ഞപ്പോൾ ഉ ബാ ക്കിൻ വളരെയധികം സന്തോഷിച്ചു. പക്ഷേ, ഒരു ശിബിരത്തിനു നൂറുപേർ എന്നത് പിൽക്കാലത്ത് ചെറിയൊരു സംഖ്യയായി മാറുമെന്ന് അന്ന് ആരറിഞ്ഞു?

1971 ജനുവരിയിൽ ഗോയങ്കാജി ബോധ്ഗയയിലെ ബർമ്മീസ് ബുദ്ധവിഹാരത്തിൽ ധ്യാനം പഠിപ്പിച്ചുകൊണ്ടിരിക്കയായിരുന്നു. അപ്പോഴാണ് അദ്ദേഹത്തിന് പൂജ്യഗുരു സായാജീ ഉ ബാ ക്കിൻ അന്ത്യശ്വാസം വലിച്ചു എന്ന ടെലിഗ്രാം കിട്ടിയത്. 'ദീപം അണഞ്ഞു' അദ്ദേഹം തന്റെ വിദ്യാർത്ഥികളോടു പറഞ്ഞു. വേർപാടിൽ അദ്ദേഹത്തിനു നഷ്ടബോധം തോന്നി. എന്നാൽ തന്റെ ഗുരുവിന്റെ സാന്നിദ്ധ്യം മുമ്പെന്നെത്തേതിലും കൂടുതൽ ശക്തമായി അദ്ദേഹം അവിടെയറിഞ്ഞു. അവസാനം ഉ ബാ ക്കിൻ ഇൻഡ്യയിൽ വന്ന് തന്നോടു ചേർന്നതുപോലെ അദ്ദേഹത്തിനു തോന്നി.

ഇനിയും തുടരുക, മുന്നേറുക എന്നല്ലാതെ എന്താണു ചെയ്യുക? ഒരിക്കൽ തന്റെ ക്ലേശത്തിൽ നിന്നും ര

ക്ഷപ്പെടാൻ ഒരു വഴിയും കാണാതെ വന്നപ്പോൾ തന്റെ ഗുരുവാണു സഹായിച്ചത്. ഉ ബാ ക്കിൻ വാത്സല്യപൂർവ്വം വിപസ്സന പഠിപ്പിക്കയും മറ്റുള്ളവരെ പഠിപ്പിക്കാൻ പരിശീലിപ്പിക്കുകയും ചെയ്തു. അദ്ധ്യാപകനായി നിയമിക്കുകയും ദൗത്യനിർവ്വഹണത്തിനായി അയക്കുകയും ചെയ്തു. മരണം വരെ ഗോയങ്കാജി ആ ദൗത്യം നിർവ്വഹിച്ചു. കോഴ്സ്ദിവസങ്ങളിലെ ഓരോ പ്രഭാത വന്ദനത്തിലും അദ്ദേഹമിങ്ങനെ പ്രഖ്യാപിക്കുകയായിരുന്നു:

''ഓരോ രോമകൂപങ്ങളിൽ നിന്നും നന്ദിയുടെ പ്രവാഹമാണ്. ഈ കടം എനിക്കൊരിക്കലും വീട്ടിത്തീർക്കാനാവില്ല. ധർമ്മജീവിതം ജീവിക്കുക, ദുഃഖമനുഭവിക്കുന്നവരെ സഹായിക്കുക, ധർമ്മം തരുന്ന ആനന്ദം എല്ലാവരുമായി പങ്കുവയ്ക്കുക – ഇതു മാത്രമാണെന്റെ തിരിച്ചടവ്.''

അതുതന്നെയാണ് അദ്ദേഹം ചെയ്തതും. ഇൻഡ്യയുടെ തെക്കേ അറ്റം മുതൽ ഹിമാലയം വരെയും പടിഞ്ഞാറൻഗുജറാത്തിലെ മരുഭൂമികൾ മുതൽ ബംഗാളിലെ വനങ്ങൾ വരെയും അദ്ദേഹത്തിന്റെ ദൗത്യയാത്ര തുടർന്നു. പ്രകൃതിദൃശ്യങ്ങൾ മാറി, മുഖരൂപങ്ങൾ മാറി, ഗോയങ്കാജീക്കും അദ്ദേഹത്തിന്റെ പ്രായത്തിനും മാറ്റം വന്നു, പക്ഷേ യാത്ര തുടർന്നുകൊണ്ടേയിരുന്നു.

### ധർമ്മഗിരി

ആദ്യവർഷങ്ങളിൽ കോഴ്സുകൾ നടത്തിയിരുന്നത് താത്കാലികസൗകര്യം കിട്ടുന്ന സ്ഥലങ്ങളിലായിരുന്നു. ആശ്രമങ്ങൾ, വിഹാരങ്ങൾ, പള്ളികൾ, സ്കൂളുകൾ, സത്രങ്ങൾ, ഹോസ്റ്റലുകൾ, ആരോഗ്യകേന്ദ്രങ്ങൾ... അങ്ങനെ കുറഞ്ഞ ചിലവിൽ ലഭ്യമാകുന്ന ഇടങ്ങൾ. എല്ലായിടത്തും ധ്യാനം നടന്നെങ്കിലും ഓരോന്നിനും അതിന്റേതായ കുറവുകളുണ്ടായിരുന്നു. കൂടാതെ, കോഴ്സ് തുടങ്ങുമ്പോൾ വേണ്ട സജ്ജീകരണങ്ങൾ നടത്തണം. തീരുമ്പോൾ അതെല്ലാം എടുത്തു മാറ്റാനും ബുദ്ധിമുട്ടുകൾ. അതുകൊണ്ട് വിപസ്സനാധ്യാനത്തിനു മാത്രമായി ഒരു സ്ഥലം കണ്ടെത്താൻ ആലോചനയായി.

1973 ന്റെ അവസാനമാസത്തിൽ ഒരു ദിവസം ഗോയങ്കാജി ദേവലാലി നഗരത്തിലെ ഒരു കോഴ്സ് കഴിഞ്ഞ് കാറിൽ മുംബൈയിലെ വീട്ടിലേക്കു പോകുകയായിരുന്നു. പെട്ടെന്ന് രണ്ടുപേർ കാറിനു കൈ കാണിച്ചു. ചെറുപ്പക്കാരനായ ഒരു മുനിസിപ്പാലിറ്റി ജീവനക്കാരനും ഒരു കടയുടമയുമായിരുന്നു കൈ നീട്ടിയത്. പട്ടണത്തിനു പുറത്ത് ധ്യാനത്തിനു പറ്റിയ ചില സ്ഥലങ്ങൾ കണ്ടിട്ടുണ്ടെന്നും ദയവായി ഗോയങ്കാജി അതുവന്നുകാണണമെന്നും അവർ അപേക്ഷിക്കുകയായിരുന്നു. വൈമനസ്യത്തോടെയാണെങ്കിലും ഗോയങ്കാജി അതിനു സമ്മതിച്ചു. കാലിന്റെ അസ്ഥി പൊട്ടി പ്ലാസ്റ്ററിട്ടിരിക്കയായിരുന്നതുകൊണ്ട് അദ്ദേഹത്തിന് അധികനേരം തങ്ങാൻ വയ്യായിരുന്നു.

ആദ്യം കണ്ട രണ്ടു സ്ഥലവും അനുയോജ്യമല്ലായിരുന്നു. മൂന്നാമതൊരു സ്ഥലം കൂടി കാണാനുണ്ടായിരുന്നു. സഞ്ചാരമില്ലാതെ പൊട്ടിപ്പൊളിഞ്ഞു കിടന്ന ഒരു വഴിയിലൂടെയാണ് അവിടേക്കു കാർ നീങ്ങിയത്. അതു ചെന്നുനിന്നത് ഒരു കുന്നിന്റെ മുകളിലെ മാന്തോട്ടത്തിലാണ്. ബ്രിട്ടീഷുകാരുടെ കാലത്തെ കുറേ കെട്ടിടങ്ങൾ അവിടെയുണ്ട്. അതിലേക്ക് മാവുവൃക്ഷങ്ങളുടെ നിഴലുകൾ വീണിരിക്കുന്നു. പഴയ കെട്ടിടങ്ങളിൽ പലതും അറ്റകുറ്റപ്പണികൾ നടത്താതെ അലങ്കോലമായി കിടക്കുന്നു. ഒരു ബംഗ്ലാവിന്റെ മുറ്റത്തു കൂടി ആടുകൾ അലഞ്ഞുതിരിയുന്നു. പിന്നിൽ തുറസ്സായിക്കിടക്കുന്ന ഒരു മലഞ്ചെരിവ് അസ്പഷ്ടമായി കാണാം.

ഗോയങ്കാജി ഏതാനും നിമിഷം തന്റെ കണ്ണുകളടച്ചു. എന്നിട്ടു പറഞ്ഞു: 'അതെ. അനുയോജ്യമായ സ്ഥലം.' ഉടൻതന്നെ ഗോയങ്കാജിയുടെകൂടെ കാറിലുണ്ടായിരുന്ന വ്യവസായി സ്ഥലത്തിനു വേണ്ട പണം വാഗ്ദാനം ചെയ്തു. ആ ഗിരിയാണ് പിന്നീട് ധമ്മഗിരി എന്നറിയപ്പെട്ടത്.

സെന്ററിന്റെ തുടക്കം വളരെ ലളിതമായിട്ടായിരുന്നു. പാശ്ചാത്യരായ ഏതാനും സാധകർ അവിടെ താമസം തുടങ്ങി. എങ്ങനെയാണ് സമയം വിനിയോഗിക്കേണ്ടതെന്ന് അവർ കത്തിലൂടെ ഗോയങ്കാജിയോട് ആരാഞ്ഞു. മറുപടി ഇതായിരുന്നു:

''ധ്യാനിക്കുക, ധ്യാനിക്കുക, ധ്യാനിക്കുക. നിങ്ങളെ ശുദ്ധീകരിക്കുക, ധ്യാനകേന്ദ്രത്തെയും ശുദ്ധീകരിക്കുക.''

ഉരച്ചുകഴുകാനുള്ള ബ്രഷുകളും കിണറ്റിലെ വെള്ളവുമായി അവർ പണി തുടങ്ങി. സ്ഥലസൗകര്യം ശരിയായപ്പോൾ അവർ കർത്തവ്യത്തിലേക്കു കടന്നു. ദിവസവും 6–8 മണിക്കൂർ ഇരുന്നുള്ള ധ്യാനം. അകലെ നിന്നും കൂടുതൽ ആളുകൾ അവിടെവന്ന് ധ്യാനിക്കാൻ തുടങ്ങി. ഒപ്പം നിർമ്മാണപ്രവർത്തനങ്ങളും. 1976 ഒക്ടോബറിൽ ധമ്മഗിരി ആധികാരികമായി തുറന്നു.

ആ ദിവസം ആവേശമുണർത്തുന്നതും അതുപോലെ ഏറെ ബുദ്ധിമുട്ടുകൾ നിറഞ്ഞതുമായിരുന്നു. പലപ്പോഴും സംഭവിക്കുന്നതുപോലെ സാമ്പത്തികപരാധീനത. കരാറുകാർക്കു കൊടുത്തു തീർക്കാനുള്ള കാശ് ട്രസ്റ്റിന്റെ കൈയ്യിലില്ല. ഉദാഹരണത്തിന് അദ്ധ്യാപകനു പണിത പുതിയ വസതിക്കു പണമില്ല. അതു മനസ്സിലാക്കിയ ഗോയങ്കാജി അവിടെ താമസിക്കാൻ വിസമ്മതിച്ചു. അദ്ദേഹവും മാതാജിയും കൂടി അടുത്തുള്ള ഉറക്കമുറിയുടെ ഒരു ഭാഗത്തു താമസിച്ചു. അവിടേക്ക് പൈപ്പുസൗകര്യം പോലുമില്ലായിരുന്നു. കുളിമുറിയെ വേർതിരിച്ചത് മുളമ്പായ കെട്ടിയായിരുന്നു. പൊതുകക്കൂസാണ് അവരും ഉപയോഗിച്ചത്. അര വർഷം അങ്ങനെ കഴിഞ്ഞു. കോൺട്രാക്റ്റർമാരുടെ കടം വീട്ടിയശേഷം ധമ്മഗിരിയുടെ നിർ മ്മാണപ്രവർത്തനങ്ങൾ സജീവമായി.

ക്രമേണ കൂടുതൽ ഫണ്ടുകൾ വന്നുതുടങ്ങി. പുതിയ കെട്ടിടങ്ങൾ ഉയർന്നു. യംഗൂണിൽ ഉ ബാ ക്കിന്റെ ധ്യാനകേന്ദ്രത്തിലുള്ളതുപോലെയുള്ള ഒരു പഗോഡയുടെ പണി ധമ്മഗിരിയിലും തുടങ്ങി. ഇൻഡ്യക്കാരായ തൊഴിലാളികളുടെ കൂടെ പാശ്ചാത്യസന്നദ്ധസേവകരും സഹകരിച്ചു. ബോധ്ഗയായിലുള്ള ബർമ്മീസ് വിഹാരയിലെ ഭിക്ഷു പ്ലാസ്റ്ററുപയോഗിച്ചുള്ള അലങ്കാരപ്പണി നടത്തി. 1979 – ആദ്യം പഗോഡ ഔദ്യാഗികമായി തുറന്നു. ഉ ബാ ക്കിന്റെ ധ്യാനകേന്ദ്രത്തിൽ സഹായിയായിരുന്ന സായാമ ഡോ മ്യാത്വിനും അവരുടെ ഭർത്താവായ യു ചിത് ടിനും (ഉ ബാ ക്കിനെ സർക്കാർജോലിയിൽ സഹായിച്ചിരുന്നയാൾ) ആ വേളയിൽ അവിടെ സന്നിഹിതരായിരുന്നു.

അധികം വൈകാതെ, അടുത്തപടിയായി, മറ്റൊരു ഘട്ടമെത്തി. വിപസ്സന ഭാരതത്തിൽ തുടങ്ങിയ കാലത്ത് ഒരു ഫ്രഞ്ചു വനിത ഗോയങ്കാജിയെ ഫ്രാൻസിലേക്കു ക്ഷണിച്ചിരുന്നു. 'പത്തു വർഷം കഴിഞ്ഞു വിളിക്കുക' എന്ന മറുപടിയും അദ്ദേഹം കൊടുത്തിരുന്നു. ഇപ്പോൾ ആ 'പത്തുവർഷം' എത്തിയിരിക്കുന്നു. ഇത്തവണ ആ മഹതിയും ഫ്രാൻസിലെ യോഗാ ടീച്ചർമാരുടെ ഫെഡറേഷനും കൂടിയാണ് അദ്ദേഹത്തെ ക്ഷണിച്ചിരിക്കുന്നത്. അതിനു സമ്മതിച്ച് അദ്ദേഹം വിമാനത്തിൽ കയറി.. . .....തുടരും

…………………